(ബി) തലശ്ശേരിയിൽ ഒരു സർക്കസ് പരിശീലന കേന്ദ്രം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രായാധിക്യമുള്ള സർക്കസ് താരങ്ങൾക്ക് പെൻഷൻ നൽകാൻ ഉദ്ദേശമുണ്ടോ?

ഉത്തര

(എ) കളരിപ്പയറ്റ് പ്രോൽസാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കസ് പ്രോൽസാഹിപ്പിക്കുവാൻ പ്രത്യേക പരിപാടിയൊന്നുമില്ല.

(ബി) സർക്കസ്സിനുവേണ്ടി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുവാൻ ഇപ്പോഴും ഉദ്ദേശമില്ല.

(സി) ഇപ്പോഴും പരിപാടിയില്ല.

ലൈംഗിക വിദ്യാഭ്യാസം

866 [1335] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ലൈംഗിക വിഷയം സംബന്ധിച്ച അജ്ഞത ദൂരീകരിക്കുവാനും ആരോഗ്യ പൂർണ്ണമായ പുതിയ തലമുറയെ വാർത്തെടുക്കാനും ലൈംഗിക വിദ്യാഭ്യാസം ഹൈസ്ക്കൂൾ ക്ലാസ് മുതൽ തുടങ്ങുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ?

ഉത്തരം

ഇല്ല.

സ്ക്കൂളുകളിൽ അറബി, ഹിന്ദി, സംസ്കൃതം, എന്നീ ഭാഷകൾക്ക് കൂടുതൽ സമയം നൽകാൻ നടപടി

867 [1337] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സ്ക്കൂളുകളിൽ മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾക്ക് കൊടുത്തിട്ടുള്ള പീരിയഡുകൾക്ക് സമാനമായി അറബി, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾ കൂടി പഠിപ്പിക്കുന്നതിന് ആവശ്യമായ സമയം നൽകുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ഉത്തരം

അറബി, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾക്ക് ഇപ്പോഴുള്ളതിൽ കൂടുതൽ പീരിയഡുകൾ അനുവദിക്കുവാൻ യാതൊരു സാദ്ധ്യതയും കാണുന്നില്ല.

സ്ക്കൂളുകളിലെ അന്യായമായ ഫണ്ട് പിരിവ് നിറുത്തലാക്കുവാൻ നടപടി

868 [1340] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സഹകാര്യ സ്ക്കൂളുകളിലെ വിദ്യാർത്ഥികളിൽനിന്നും അന്യായമായി ഫണ്ട് പിരിച്ചു വരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഫണ്ട് പിരിവ് ഫലപ്രദമായി തടയാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ ബ്രാഞ്ചുകൾ

869 [1341] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. കെ. സുകുമാരനുണ്ണി:

ശ്രീ. എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫൈനാൻഷ്യൽ എൻറർപ്രൈസസിന്റെ കീഴിൽ ഇപ്പോൾ എത്ര ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ബ്രാഞ്ചിലും തുടങ്ങിയിട്ടുള്ള ചിട്ടികൾ എത്ര; സല എത്ര;

(സി) ചിട്ടി വകയിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുക ഓരോ ബ്രാഞ്ചിലും എത്ര? അതിൽ ലേലം പിടിച്ച ചിട്ടിയുടെ കുടിശ്ശിക എത്ര;

(ഡി) ഹയർ പർച്ചേസ് ഇനത്തിൽ ഓരോ ബ്രാഞ്ചിലും പിരിഞ്ഞു കിട്ടേണ്ട തുക എന്ത്?

ഉത്തരം

(എ) മുപ്പത് (30)

(ബി) കേരളാ സ്റേറേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസ് ആകെ 890 ചിട്ടികൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 545 എണ്ണം വട്ടമറുത്തിയായി. ഇപ്പോൾ 345 എണ്ണം നടന്നുകൊണ്ടിരിക്കുന്നു. ഓരോ ബ്രാഞ്ചിനേയും സംബന്ധിക്കുന്ന വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) കുടിശ്ശികയിനത്തിൽ 1-3-1979 വരെ 1,40,00,022.98 രൂപാ പിരിഞ്ഞു കിട്ടാനുണ്ട്. ഓരോ ബ്രാഞ്ചിനേയും സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly